# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7101 — 03.11.2011 ൽ മറുപടിയ്ക്ക്

## കേപ്പിന്റെ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) കേപ്പിന്റെ സ്ഥാപനങ്ങളിൽ ടെണ്ടർ വിളിക്കാതെ പത്തു ലക്ഷത്തിൽ കൂടുതൽ തുക അടങ്കൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഏതെല്ലാം; | (ബി) 1. വടകര ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരം പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റിൽ നടത്തിയ 3,15,31,791/- രൂപയുടെ അടങ്കൽ തുകയുള്ള ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികളും 1,09,77,978/- രൂപ അടങ്കൽ തുകയുള്ള രണ്ടാംഘട്ട പുനരുദ്ധാരണ/നിർമ്മാണ പ്രവൃത്തികളും<br>2. കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖാന്തിരം കൊച്ചി കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജിൽ നടത്തിയ നഴ്സിംഗ് കോളേജിന്റേയും ഹോസ്റ്റലിന്റേയും നഴ്സിംഗ് സ്കൂളിന്റെയും 9,05,00,000/- രൂപ അടങ്കൽ തുകയുള്ള നിർമ്മാണ പ്രവൃത്തികൾ<br>3. പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് പി.ടി.എ മുഖാന്തിരം നടത്തിയ പുന്നപ്ര സഹകരണ ആശുപത്രിക്കും, പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റിന് വേണ്ടിയുള്ള 90,10,000/- രൂപ അടങ്കൽ തുക വരുന്ന ഓടയുടേയും റോഡിന്റേയും |

| | | |
|---|---|---|
| | | നിർമ്മാണ പ്രവൃത്തികൾ<br>4. പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് പി.ടി.എ. മുഖാന്തിരം നടത്തിയ പ്രസ്തുത കോളേജിന്റെ 43.15 ലക്ഷം രൂപ അടങ്കൽ തുകയുള്ള നിർമ്മാണ പ്രവൃത്തികളും 10.99 ലക്ഷം രൂപ അടങ്കൽ തുകയുള്ള ടോയിലെറ്റ് ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികളും. |
| (സി) | പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്ഥാപനങ്ങളേയോ വ്യക്തികളെയോ തെരഞ്ഞെടുക്കാൻ സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കമോ; | (സി) 10.12.2007 ലെ സ.ഉ. (സാധാ) നം. 789/2007/സഹ നമ്പർ ഉത്തരവ് പ്രകാരം പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റിലെ നിർമ്മാണ പ്രവൃത്തികൾ വടകര ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കും 29.12.2009 ൽ കൂടിയ കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനപ്രകാരം കൊച്ചി കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജിൽ നടത്തിയ നഴ്സിംഗ് കോളേജിന്റെയും ഹോസ്റ്റലിന്റെയും നഴ്സിംഗ് സ്കൂളിന്റെയും നിർമ്മാണ പ്രവൃത്തികൾ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയുണ്ടായി. 16.04.2010 ൽ കൂടിയ കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 104 - മത് യോഗ തീരുമാനപ്രകാരം പുന്നപ്ര സഹകരണ ആശുപത്രിക്കും പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റിന് വേണ്ടിയുള്ള നിർമ്മാണ പ്രവൃത്തികൾ പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് പി.ടി.എ. യെ ചുമതലപ്പെടുത്തിയിരുന്നു. |
| (ഡി) | അതിനായി അഡ്വാൻസ് നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കമോ; | (ഡി) നൽകിയിട്ടുണ്ട്. ഒന്നാം ഗഡുവായി 28,84,800/- രൂപയും രണ്ടാം ഗഡുവായി 05.02.2011 ൽ 50 ലക്ഷം രൂപയും അഡ്വാൻസായി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പ്രവർത്തനങ്ങൾ ഏറ്റെടുത്ത വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ മുൻ പരിചയം വെളിപ്പെടുത്തുമോ? | (ഇ) | വടകര ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്കും കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനും മുൻപരിചയം ഉണ്ട്. എന്നാൽ പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റിലെ നിർമ്മാണ പ്രവർത്തനം പി.ടി.എ നേരിട്ട് നടത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ